(ബി) ഓട്ടോറിക്ഷകളിൽ മീറ്റർ ഘടിപ്പിക്കണമെന്നും അത് പ്രവർത്തിപ്പിച്ചിരിക്കണമെന്നും നിബന്ധനയുണ്ടോ ;

(സി) എങ്കിൽ മീറ്റർ പ്രവർത്തിപ്പിക്കാത്ത ഓട്ടോറിക്ഷകളുടെ പെർമിറ്റ് ക്യാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മീറ്റർ ഘടിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകരുത് എന്ന് നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 30,483 ഓട്ടോറിക്ഷകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1.	തിരുവനന്തപുരം	— 4338
2.	കൊല്ലം	— 1026
3.	ആലപ്പുഴ	— 1547
4.	പത്തനംതിട്ട	— 462
5.	കോട്ടയം	— 2392
6.	ഇടുക്കി	— 196
7.	എറണാകുളം	— 4002
8.	തൃശ്ശൂർ	— 3527
9.	മലപ്പുറം	— 1886
10.	പാലക്കാട്	— 1796
11.	കോഴിക്കോട്	— 2601
12.	വയനാട്	— 406
13.	കണ്ണൂർ	— 4268
14.	കാസർഗോഡ്	— 2036
	ആകെ	30,483

(ബി) ഒരു ലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള ജില്ലാ ഹെഡ് ക്വാർട്ടേഴ്സുകളിലും മുൻസിപ്പൽ ടൗണുകളിലും ഓടുന്ന ഓട്ടോറിക്ഷകളിൽ മീറ്റർ ഘടിപ്പിക്കണമെന്നും അവ പ്രവർത്തിപ്പിക്കണമെന്നും സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്.

(സി) വ്യക്തമായ പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

31-3-1986-നു ശേഷം കെ. എസ്. ആർ. ടി. സി. ഇറക്കിയ പുതിയ വാഹനങ്ങൾ

1372. [2052] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 31-3-1986-നു ശേഷം കെ. എസ്. ആർ. ടി. സി. പുതിയ വാഹനങ്ങൾ ഇറക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പ്രസ്തുത ബസ്സുകളുടെ ബോഡി നിർമ്മിച്ചത് എവിടെയൊക്കെയാണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 58 എണ്ണം.

(സി) രണ്ട് ബസ്സുകളുടെ ബോഡി തിരുവനന്തപുരം റബ്ബർ വർക്സിലും ബാക്കിയുള്ളവ അശോക് ലൈലാൻറിൽ നിന്നും പണിതു വാങ്ങിയവയുമാകുന്നു.

കെ. എസ്. ആർ. ടി. സി. യുടെ ടയർ റീട്രെയിഡിംഗ്

1373 [2053] ശ്രീ. സി. എഫ്. തോമസ് :

,, തോമസ് കല്ലംപള്ളി :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ആർ. ടി. സി. ടയർ റീട്രെയിഡിംഗിന് സംസ്ഥാനത്തിനു പുറത്ത് ഏൽപ്പിക്കുന്നുണ്ടോ ?

ഉത്തരം

ഇല്ല.

കെ. എസ്. ആർ. ടി. സി. എടുത്ത വായ്പ

1374 [2054] ശ്രീ. സി. എഫ്. തോമസ് :

,, തോമസ് കല്ലംപള്ളി :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഷിപ്പിംഗ് കോർപ്പറേഷനിൽ നിന്നും എൽ. ഐ. സി. യിൽ നിന്നും കെ. എസ്. ആർ. ടി. സി. വായ്പ എടുത്ത തുക എത്ര ?

ഉത്തരം

ഷിപ്പിംഗ് കോർപ്പറേഷനിൽനിന്നും കെ. എസ്. ആർ. ടി. സി. ഇതേവരെ വായ്പ എടുത്തിട്ടില്ല. എൽ. ഐ. സി. യിൽ നിന്നും ഇതേവരെ 984 ലക്ഷം രൂപ വായ്പ എടുത്തിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ജോലിഭാരം

1375 [2055] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly